അനുബന്ധം-II ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.* കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന നടപ്പിലാക്കിയ പദ്ധതികളും ആയതിലേയ്ക്ക് ചെലവഴിച്ച തുകയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-III ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

(സി) പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കാനും നിലവിലുള്ള സ്റ്റേഡിയം നവീകരിക്കാനും കായിക വകുപ്പ് ഏതെല്ലാം സഹായങ്ങളാണ് നൽകുന്നതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അപേക്ഷിക്കേണ്ട രീതിയും വ്യക്തമാക്കാമോ?

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്റ്റേഡിയം നിർമ്മിക്കുന്നതിനും നിലവിലുള്ളവ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. മൈതാനങ്ങൾ ഇല്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി പ്രസ്തുത പഞ്ചായത്തുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഭൂമിയിൽ മൈതാനങ്ങൾ നിർമ്മിച്ച് നൽകുന്നതാണ് പരിഗണനയിലുള്ളത്. തെരഞ്ഞെടുക്കുന്ന കായിക ഇനത്തിന്റെ അംഗീകൃത നിയമാവലിയുടെ അടിസ്ഥാനത്തിലാണ് സ്ഥല വിസ്തൃതി നിർണ്ണയിക്കുന്നത്. പ്രാദേശിക താൽപ്പര്യവും അഭിരുചിയും കണക്കിലെടുത്ത് സ്റ്റേഡിയത്തിൽ ഉൾപ്പെടുത്തേണ്ട കായിക ഇനം തീരുമാനിക്കുന്നതാണ്.

(ഡി) കായിക വകുപ്പിന്റെ സഹായത്തോടെ പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച എത്ര സ്റ്റേഡിയങ്ങൾ ഉണ്ടെന്ന് പേരുൾപ്പെടെ ജില്ല തിരിച്ച് വ്യക്തമാക്കാമോ; കായിക വകുപ്പിൽനിന്നുള്ള സഹായം കൂടാതെ മറ്റേതെല്ലാം സഹായങ്ങൾ ഈ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ അഞ്ചുവർഷം ബഡ്ജറ്റ് വിഹിതം, കിഫ്ബി ധനസഹായം എന്നിവ മുഖേന പഞ്ചായത്തുകളിലും നഗരസഭകളിലും നിർമ്മിച്ച് സ്റ്റേഡിയങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് അനുബന്ധം -IV ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട് *.

പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയം

307 (1292) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

&

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സ്റ്റേഡിയവുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ എന്ന് ആരംഭിക്കുമെന്ന് അറിയിക്കാമോ?

മഞ്ചേരി മണ്ഡലത്തിലെ പയ്യനാട്ടിലെ മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്ദീൻകുട്ടി ഇൻഡോർ സ്റ്റേഡിയം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് അത്ലറ്റിക് ട്രാക്ക്, ഹോക്കി കോർട്ട്, സ്വിമ്മിംഗ് പൂൾ കോംപ്ലക്സ്, ബോയ്സ് ഹോസ്റ്റൽ, ഗേൾസ് ഹോസ്റ്റൽ എന്നീ കായിക സൗകര്യങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) പയ്യനാട് അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ നെഹ്റു ട്രോഫി അടക്കമുള്ള ദേശീയ, അന്തർ ദേശീയ നിലവാരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ദേശീയ അന്തർദേശീയ മത്സരങ്ങൾ പയ്യനാട് സ്റ്റേഡിയത്തിൽ സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ആലപ്പുഴ ഇ.എം.എസ്.സ്റ്റേഡിയം

308 (1293) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ഇതിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) വസ്തു സംബന്ധമായ എല്ലാ നടപടികളും ആലപ്പുഴ നഗരസഭ പൂർത്തീകരിച്ചിട്ടും നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിനും പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയത്തിനുമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ഇ.എം.എസ്. സ്റ്റേഡിയത്തിന് 8.62 കോടി രൂപയുടെ കിഫ്ബി